ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നം.എസിഡി എസ്.പി.സി(1)/218843/2021/എച്ച്.എസ്.ഇ. തീയതി. 12/11/2021

# സർക്കുലർ

വിഷയം- ഹ.സെ.വി.- ഹയർസെക്കന്ററി പ്ലസ് വൺ ക്ലാസ്സുകൾ ആരംഭിക്കുന്നത്-സംബന്ധിച്ച്.

പ്ലസ് വൺ ക്ലാസ്സുകൾ ഈ വരുന്ന നവംബർ 15ന് തുടങ്ങുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുളളതിനാൽ എല്ലാ ഹയർസെക്കന്ററി പ്രിൻസിപ്പൽമാരും അന്നേ ദിവസം മുതൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുളള തയ്യാറെടുപ്പുകൾ അടിയന്തിര പ്രാധാന്യത്തോടെ കൈക്കൊളേളണ്ടതാണ്. പ്ലസ് വൺ അഡ്മിഷൻ എടുത്ത മുഴുവൻ വിദ്യാർത്ഥികളും നവംബർ 15 ന് സ്കൂളിൽ എത്താനുളള സാഹചര്യം കണക്കിലെടുത്ത് അന്നേ ദിവസം പ്ലസ് ടു ക്ലാസ്സുകൾ ഒഴിവാക്കാവുന്നതാണ്. സ്കൂളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളും കൂട്ടം കൂടുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്. ആദ്യ ദിവസം തന്നെ പ്ലസ് വൺ വിദ്യാർത്ഥികളെ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ബാച്ചുകളായി തിരിക്കേണ്ടതും അതിനനുസരിച്ച് സ്കൂളിൽ വരേണ്ട ദിവസങ്ങൾ ക്രമീകരിക്കേണ്ടതുമാണ്. സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ കണക്കിലെടുത്ത് രണ്ടാം വർഷക്കാരിൽ നിന്ന് കൂടുതൽ ബാച്ചുകളെ സ്കൂളിൽ വരാൻ അനുവദിച്ചിരുന്ന ഇടങ്ങളിൽ, ഒന്നാം വർഷക്കാർ വരുന്നതിനനുസരിച്ച് പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും നൽകിയിട്ടുളള മാർഗ്ഗ രേഖകൾ കൃത്യമായി പാലിച്ചുകൊണ്ടാവണം ഒന്നാം വർഷ ഹയർസെക്കന്ററി ക്ലാസ്സുകൾ നടത്തേണ്ടത്.

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)